# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

## സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം - 2022

## പൊതുമാർഗ്ഗനിർദ്ദേശങ്ങൾ

### I വ്യക്തിഗത പുരസ്ക്കാരം

1) സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തനം (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തനം (ദൃശ്യമാധ്യമം), കല, സാഹിത്യം, കായികം (വനിത), കായികം (പുരുഷൻ), സംരംഭകത്വം, കൃഷി, ഫോട്ടോഗ്രാഫി എന്നീ മേഖലകളിൽനിന്നും മികച്ച ഓരോ വ്യക്തികൾക്കു വീതം ആകെ 10 പേർക്കാണ് പുരസ്ക്കാരങ്ങൾ നൽകുന്നത്. അവാർഡ് തുക 50,000/- രൂപയാണ്.

2) സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്ക്കാരങ്ങൾക്കായി വ്യക്തികൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതല്ല. എന്നാൽ ആർക്കും, മറ്റുള്ളവരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

3) അതത് രംഗങ്ങളുമായി ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. നാമനിർദ്ദേശം ചെയ്യുമ്പോൾ അവരവരുടെ മേഖലകളിൽ അസാധാരണമായ നേട്ടങ്ങൾ കരസ്ഥമാക്കിയവരേയും സമൂഹത്തിന് വിശിഷ്ടമായ സേവനം ചെയ്ത വ്യക്തികളേയും തെരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഒരു വ്യക്തിയെ ശിപാർശ ചെയ്യുമ്പോൾ ആ വ്യക്തിയെ സംബന്ധിച്ച് ആവശ്യമായ എല്ലാ വിവരങ്ങളും ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

4) പുരസ്ക്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി, നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി തന്റെ ബന്ധുവല്ലെന്നുള്ള സത്യപ്രസ്താവന നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5) 2023 ജൂലൈ 25 - ന് മുമ്പായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഹെഡ് ഓഫീസിലോ ജില്ലാ യുവജന കേന്ദ്രങ്ങളിലോ ലഭിക്കത്തക്ക രീതിയിൽ അപേക്ഷകൾ സമർപ്പിക്കണം. പ്രസ്തുത സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ പുരസ്ക്കാരത്തിന് പരിഗണിക്കുന്നതല്ല.

6) യുവജനക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ജീവനക്കാരെയോ കുടുംബാംഗങ്ങളെയോ അവാർഡിന് നാമനിർദ്ദേശം ചെയ്യുവാൻ പാടുള്ളതല്ല.

7) പുരസ്ക്കാരം നേടിയവരെ തുടർന്നുള്ള മൂന്ന് വർഷം നാമനിർദ്ദേശം ചെയ്യേണ്ടതില്ല. അത്തരത്തിലുള്ള അപേക്ഷ ലഭിച്ചാൽ പുരസ്ക്കാരത്തിന് പരിഗണിക്കുന്നതല്ല.

8) പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പുരസ്ക്കാരങ്ങൾക്ക് (കായികം ഒഴികെ) പുരുഷൻ, വനിത, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

9) 2022 ജനുവരി 1 ന് 18 വയസ്സ് പൂർത്തിയായവരേയും 2022 ഡിസംബർ 31-ന് 40 വയസ്സ് കഴിയാത്തവരേയും ആയിരിക്കും വ്യക്തിഗത പുരസ്ക്കാരത്തിന് പരിഗണിക്കുന്നത്.

10) വ്യക്തിഗതപുരസ്ക്കാരത്തിന് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ വയസ്സ് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മതിയായ രേഖകൾ സമർപ്പിക്കാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

11) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ സൃഷ്ടികളും പ്രവർത്തനങ്ങളുമായിരിക്കും വിലയിരുത്തുന്നത്.

12) നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങളുടെ മാത്രം സമഗ്ര റിപ്പോർട്ടുകൂടി സമർപ്പിക്കേണ്ടതാണ്.

13) അപേക്ഷാ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഒരു വ്യക്തിയെ ഒന്നിലധികം മേഖലകളിൽ നാമനിർദ്ദേശം ചെയ്യുകയാണെങ്കിൽ ഓരോ മേഖലകൾക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഭാഗം എ യിൽ പൊതുവിവരങ്ങളും ബി യിൽ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

14) ഓരോ മേഖലയ്ക്കും വെവ്വേറെ പുരസ്ക്കാര നിർണ്ണയ കമ്മിറ്റികൾ ഉണ്ടായിരിക്കും. പുരസ്ക്കാര നിർണ്ണയ കമ്മിറ്റികളുടെ തീരുമാനം അന്തിമമായിരിക്കും. പരാതികൾ / അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

15) അപേക്ഷകളുടെ എണ്ണം കൂടുതലാണെങ്കിൽ സ്ക്രൂട്ടണി ചെയ്ത് ഷോർട്ട് ലിസ്റ്റാക്കി ജൂറിക്ക് മുമ്പാകെ സമർപ്പിക്കുന്നതാണ്.

16) നിർദ്ദേശിക്കപ്പെട്ട വ്യക്തി തീവ്രവാദ പ്രസ്ഥാനങ്ങൾ, നിരോധിക്കപ്പെട്ട സംഘടനകൾ എന്നിവരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ, പ്രവർത്തിച്ചിട്ടുള്ളവരോ ആയിരിക്കരുത്.

17) മതിയായ യോഗ്യതയുള്ള അപേക്ഷകരില്ലെങ്കിൽ അവാർഡ് നൽകേണ്ടതില്ലെന്ന് തീരുമാനിക്കാനും അർഹരായ വ്യക്തികളെ അവാർഡിനായി ശിപാർശ ചെയ്യാനും ജൂറിക്ക് അധികാരമുണ്ടായിരിക്കും.

18) പ്രത്യേക ജൂറി പുരസ്കാരത്തിന് ശിപാർശ ചെയ്യാൻ ജൂറിക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇതിന് ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതല്ല.

## II ക്ലബ്ബുകൾക്കുള്ള അവാർഡ്

1) മികച്ച യൂത്ത് ക്ലബ്ബുകൾക്കും, മികച്ച യുവാക്ലബ്ബുകൾക്കും, മികച്ച അവളിടം ക്ലബ്ബുകൾക്കും (യുവതി ക്ലബ്ബുകൾ) ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുന്നു. ജില്ലാതല അവാർഡ് 30,000/-രൂപയും സംസ്ഥാനതല അവാർഡ് 50,000/-രൂപയും ആണ്.

2) ക്ലബ്ബുകൾ അവാർഡിനായി നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്.

3) അതത് ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച യൂത്ത്, യുവാ, അവളിടം ക്ലബ്ബുകളിൽ നിന്നും ഒരു ക്ലബ്ബിനെ വീതം സംസ്ഥാനതലത്തിലെ മികച്ച യൂത്ത്, യുവാ, അവളിടം ക്ലബ്ബായി തെരഞ്ഞെടുക്കുന്നതാണ്.

4) അവാർഡിനായി അപേക്ഷിക്കുന്ന ക്ലബ്ബ് തീവ്രവാദ പ്രസ്ഥാനങ്ങൾ, നിരോധിക്കപ്പെട്ട സംഘടനകൾ എന്നിവരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതോ, പ്രവർത്തിച്ചിട്ടുള്ളതോ ആയിരിക്കരുത്.

5) **അവാർഡ് നേടിയ ക്ലബ്ബുകൾ തുടർന്നുള്ള മൂന്ന് വർഷം നാമനിർദ്ദേശം ചെയ്യേണ്ടതില്ല. അത്തരത്തിലുള്ള അപേക്ഷ ലഭിച്ചാൽ അവാർഡിന് പരിഗണിക്കുന്നതല്ല.**

6) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും യൂത്ത്, യുവാ ക്ലബ്ബുകളുടെ അവാർഡിനായി വിലയിരുത്തുന്നത്.

7) നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങളുടെ മാത്രം സമഗ്ര റിപ്പോർട്ടുകൂടി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത കാലയളവിലെ പ്രവർത്തനങ്ങളുടെ അല്ലാതെ അതിനു മുൻപോ ശേഷമോ ഉള്ള റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതില്ല.

8) 2022 ജൂലൈ 1 മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളായിരിക്കും അവളിടം ക്ലബ്ബുകളുടെ (യുവതി ക്ലബ്ബ്) അവാർഡിനായി വിലയിരുത്തുന്നത്.

7) ഓരോ മേഖലയ്ക്കും വെവ്വേറെ അവാർഡ് നിർണ്ണയ കമ്മിറ്റികൾ ഉണ്ടായിരിക്കും. അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ തീരുമാനം അന്തിമമായിരിക്കും. പരാതികൾ / അപ്പീലുകൾ സ്വീകരിക്കുന്നതല്ല.

8) മികച്ച യൂത്ത്, യുവാ, അവളിടം ക്ലബ്ബുകൾക്കുള്ള അവാർഡിനായുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ യുവജന കേന്ദ്രത്തിൽ മാത്രം സമർപ്പിക്കേണ്ടതാണ്. (ജില്ല ഓഫീസുകളുടെ വിലാസം അനുബന്ധമായി ചേർത്തിട്ടുണ്ട്).

# വ്യക്തിഗത അവാർഡിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

## 1) *സാമൂഹികപ്രവർത്തനം*

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

2) പ്രാദേശിക വികസനം, പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, ആതുരസേവനം, വനിത -ശിശുക്ഷേമം, മനുഷ്യാവകാശ സംരക്ഷണം, മുതിർന്ന പൗരന്മാരുടെ ക്ഷേമം, മതസൗഹാർദ്ദം, ദേശീയ മുല്യങ്ങളുടെ പ്രചരണം, ദാരിദ്ര്യ നിർമാർജ്ജനം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നീ പത്ത് മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയായിരിക്കും അവാർഡ് നൽകുന്നത്.

3) അവാർഡിന് അപേക്ഷിക്കുന്ന വ്യക്തികളെ കുറിച്ച് പ്രാദേശിക അന്വേഷണം നടത്തുന്നതായിരിക്കും.

4) കളങ്കിത വ്യക്തിത്വങ്ങളോ, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരോ ഏർപ്പെടുന്നവരോ ആയിട്ടുള്ള വ്യക്തികളെ അവാർഡിന് പരിഗണിക്കുന്നതല്ല.

## 2) *മാധ്യമ പ്രവർത്തനം - ദൃശ്യമാധ്യമം*

1) കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളിലേയും കേരളത്തിനു പുറത്ത് പ്രസിദ്ധീകരിക്കുന്ന മലയാളം മാധ്യമങ്ങളിലേയും പ്രവർത്തകരെ പുരസ്ക്കാരത്തിന് പരിഗണിക്കുന്നതാണ്.

2) സാഹൂഹിക പ്രതിബദ്ധതയുള്ള വാർത്തകൾ പുരസ്ക്കാരത്തിന് പരിഗണിക്കുന്നതാണ്.

3) റിപ്പോർട്ടുകൾ സമൂഹത്തിൽ സ്വാധീനം ചെലുത്തുകയോ മാറ്റം സൃഷ്ടിക്കുകയോ തെറ്റുതിരുത്താൻ പ്രേരകമാവുകയോ ചെയ്തവ ആയിരിക്കണം.

4) വിഷയത്തെക്കുറിച്ചുള്ള റിപ്പോർട്ടറുടെ കണ്ടെത്തലുകൾ കാഴ്ച്ചപ്പാട് അവതരിപ്പിക്കുന്നതിനൊപ്പം മറുപക്ഷത്തെ കാഴ്ച്ചപ്പാടും/നിലപാടും റിപ്പോർട്ടിൽ പ്രതിഫലിക്കണം. അവ വസ്തുതാപരമായിരിക്കണം. വാർത്തകൾ വിധിപ്രസ്താവ സ്വഭാവമുള്ളവ ആയിരിക്കരുത്.

5) വാർത്താ റിപ്പോർട്ടാണെങ്കിൽ വാർത്താ വായനക്കാരൻ/വായനക്കാരി വായിക്കുന്ന ഇൻട്രോയും ചേർത്തായിരിക്കണം എൻട്രി അയയ്ക്കേണ്ടത്.

6) ന്യൂസ് ക്യാമറമാനെയും അവാർഡിനായി പരിഗണിക്കുന്നതാണ്. ന്യൂസ് ക്യാമറ വിഷ്വലുകൾ വാർത്തയുമായി ഇഴുകിച്ചേരുന്നതായിരിക്കണം. വാക്കുകളെക്കാളുപരി ദൃശ്യങ്ങളാണ് പ്രേക്ഷകനോട് സംവദിക്കേണ്ടത്.

7) ന്യൂസ് റീഡിംഗ് - അക്ഷര സ്ഫുടത ഉണ്ടായിരിക്കണം. അവതരണം വാർത്തയുടെ ഗൗരവം ചോരാതെ ആയിരിക്കണം. സ്വരലയത്തിലെ മാറ്റങ്ങളും ശബ്ദ ക്രമീകരണവും (മോഡുലേഷൻ) പരിഗണിക്കുന്നതാണ്. വാർത്താധിഷ്ഠിത ചർച്ചാ പരിപാടി പരിഗണിക്കുന്നതല്ല.

8) അഭിമുഖം ചെയ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് പ്രേക്ഷകന് പ്രയോജനം ചെയ്യുന്ന പരമാവധി വിവരങ്ങൾ കിട്ടുന്ന തരത്തിലായിരിക്കണം. വിഷയം ആഴത്തിൽ കൈകാര്യം ചെയ്യുന്നവയാവണം. ഇവ മലയാളം ന്യൂസ് ചാനലുകളിൽ സംപ്രേഷണം ചെയ്തതായിരിക്കണം.

10) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

## 3) *മാധ്യമ പ്രവർത്തനം - അച്ചടി മാധ്യമം*

1) കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളിലേയും കേരളത്തിനു പുറത്ത് പ്രസിദ്ധീകരിക്കുന്ന മലയാളം മാധ്യമങ്ങളിലേയും പ്രവർത്തകരെ പുരസ്ക്കാരത്തിന് പരിഗണിക്കുന്നതാണ്.
2) റിപ്പോർട്ടുകൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിച്ചവ ആയിരിക്കണം. സമൂഹത്തിൽ സ്വാധീനം ചെലുത്തുകയോ മാറ്റം സൃഷ്ടിക്കുകയോ തെറ്റുതിരുത്താൻ പ്രേരകമാവുകയോ ചെയ്തവ ആയിരിക്കണം.
3) വിഷയം മുൻപ് വിശദമായി കൈകാര്യം ചെയ്തതാവരുത്. റിപ്പോർട്ട് വസ്തുതാപരമായിരിക്കണം. വിഷയത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളും നിലപാടുകളും അതുമായി ബന്ധപ്പെട്ട കൃത്യമായ സ്ഥിതി വിവരങ്ങൾ മറ്റ് സാധ്യതകളും പ്രതിഫലിക്കുന്നതായിരിക്കണം.
3) ന്യൂസ് ഫോട്ടോഗ്രാഫറെയും പുരസ്ക്കാരത്തിന് പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ പത്രമാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് ഫോട്ടോഗ്രാഫർ എടുത്ത ന്യൂസ് ഫോട്ടോഗ്രാഫി ചിത്രങ്ങൾ പരിഗണിക്കുന്നതാണ്.
4) അസ്സൽ വാർത്താ ചിത്രമായിരിക്കണം (പ്രകൃതി ദൃശ്യങ്ങൾ, പോർട്രേറ്റുകൾ തുടങ്ങിയവ പരിഗണിക്കുന്നതല്ല). സോഫ്റ്റ് വെയർ ഉപയോഗിച്ച് മികച്ചതാക്കിയ ഫോട്ടോകൾ പരിഗണിക്കുന്നതല്ല.
5) ഫോട്ടോഗ്രാഫറുടെ വാർത്താബോധവും വിഷയത്തിന്റെ വാർത്താ പ്രാധാന്യത്തെപ്പറ്റി ഉടൻ തീരുമാനം എടുക്കുന്നതിനുള്ള കഴിവും വിലയിരുത്തും.
6) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

## 4) *കല*

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.
2) കലാരംഗത്ത് കൈവരിച്ച നേട്ടങ്ങളുടെ, സർട്ടിഫിക്കറ്റുകളുടെയെല്ലാം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം
3) പെർഫോമിംഗ് ആർട്സ് മേഖലയിലുള്ളവർ അപേക്ഷയോടൊപ്പം വീഡിയോ ഉള്ളടക്കം ചെയ്ത പെൻഡ്രൈവ് കൂടി സമർപ്പിക്കേണ്ടതാണ്.
4) കലാ മേഖലയിൽ നൽകുന്ന അവാർഡിന് സിനിമാ മേഖലയിലെ പ്രവർത്തനങ്ങൾ പരിഗണിക്കുന്നതല്ല.

## 5) *സാഹിത്യം*

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള സൃഷ്ടികളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്.
2) പഠനസംബന്ധമായി തയ്യാറാക്കിയ പ്രബന്ധങ്ങൾ പരിഗണിക്കുന്നതല്ല.
3) പുരസ്കാരത്തിന് സമർപ്പിക്കുന്ന കൃതികളുടെ 3 പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

### *6&7) കായികം (പുരുഷൻ, വനിത)*

1) പുരുഷ-വനിതാ വിഭാഗങ്ങളിലായി ഓരോ കായികതാരങ്ങൾക്ക് വീതം അവാർഡ് നൽകും
2) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ നേട്ടങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.
3) ദേശീയ അന്തർദേശീയ ഇനങ്ങളിൽ കഴിവു തെളിയിച്ചവരും സമ്മാനാർഹരുമായവരെ പുരസ്ക്കാരത്തിന് പരിഗണിക്കും.
4) നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തി നിലവിൽ സജീവമായി കായികരംഗത്തുള്ളരായിരിക്കണം
5) നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ കായിക രംഗത്തെ നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

### *8) സംരംഭകത്വം*

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ നേട്ടങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.
2) നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തി നിലവിൽ പ്രവർത്തനക്ഷമമായ സംരംഭത്തിന്റെ സ്ഥാപകൻ ആയിരിക്കണം.
3) ഈ മേഖലയിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ വിലയിരുത്തും
4) സംരംഭത്തിന്റെ വിജയകരമായ പ്രവർത്തനം, അതിലൂടെ തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയവയും പരിഗണിക്കും.

### *9) കൃഷി*

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളായിരിക്കും പ്രധാനമായും വിലയിരുത്തുന്നത്.
2) ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.

### *10) ഫോട്ടോഗ്രാഫി*

1. ക്യാമറയിൽ ചിത്രീകരിച്ചതാവണം ചിത്രങ്ങൾ. 2 മുതൽ 3 എം.ബി യിൽ കുറയാത്തതും 300 ഡി.പി.ഐ -ൽ longest side of picture 2000 pixel -ൽ കുറയാ ത്തതോ ആയ jpeg format -ൽ ഉള്ളതാകണം. പുരസ്ക്കാരത്തിനായി പരിഗണിക്കേണ്ട ചിത്രം പെൻഡ്രൈവിൽ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
2. 2022 ജനുവരി 1 – 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ എടുത്തതാവണം ചിത്രം. ഒരാളുടെ ഒരു ചിത്രം മാത്രമേ അവാർഡിനായി സമർപ്പിക്കുവാൻ പാടുള്ളൂ. ചിത്രത്തിന്റെ ആശയം വിശദമാക്കുന്ന അടിക്കുറിപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കണം.
3. അപേക്ഷന്റെ ഐഡന്റിറ്റി വെളിപ്പെടുത്തുന്ന വാട്ടർമാർക്ക്, സിഗ്നേചർ തുടങ്ങിയവ ഒന്നും ചിത്രത്തിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.
4. തെരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങളുടെ ഒറിജിനൽ ഫയൽ ജഡ്ജിംഗ് പാനൽ ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതാണ്.

## II. ക്ലബ്ബുകൾക്ക് അവാർഡിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

### 1. യൂത്ത് ക്ലബ്ബ്

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

2) പ്രാദേശിക വികസനം, പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, മുതിർന്ന പൗരൻമാരുടെ ക്ഷേമ പ്രവർത്തനങ്ങൾ, ആതുരസേവനം, വനിത-ശിശുക്ഷേമം, മനുഷ്യാവകാശ സംരക്ഷണം, ദുരന്ത നിവാരണ പ്രവർത്തനം, മതസൗഹാർദ്ദം, ദേശീയ മൂല്യങ്ങളുടെ പ്രചരണം, യുവജനക്ഷേമ പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നീ മണ്ഡലങ്ങളിലെ പ്രവർത്തനം വിലയിരുത്തും.

3) വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം

### 2. യുവാ ക്ലബ്ബ്

1) 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും വിലയിരുത്തുന്നത്.

2) സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളുടെ ഉന്നമനത്തിനായി വഹിച്ച പങ്ക്, കലാ-സാംസ്ക്കാരിക രംഗത്തെ ഇടപെടലുകൾ, പ്രാദേശിക വികസനം, പിന്നോക്കക്ഷേമ പ്രവർത്തനങ്ങൾ, മുതിർന്ന പൗരൻമാരുടെ ക്ഷേമ പ്രവർത്തനങ്ങൾ, ആതുരസേവനം, വനിത-ശിശുക്ഷേമം, മനുഷ്യാവകാശ സംരക്ഷണം, ദുരന്ത നിവാരണ പ്രവർത്തനം, മതസൗഹാർദ്ദം, ദേശീയ മുല്യങ്ങളുടെ പ്രചരണം, യുവജനക്ഷേമ പ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നീ മണ്ഡലങ്ങളിൽ നടത്തിയ ഇടപെടലുകൾ എന്നിവ വിലയിരുത്തും.

### 3. അവളിടം ക്ലബ്ബ് (യുവതീ ക്ലബ്ബ്)

1) 2022 ജൂലൈ 1 മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്.

2) ഈ കാലയളവിൽ അവളിടം ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തിയ തനത് പ്രവർത്തനങ്ങൾ, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ക്ലബ്ബ് നടത്തിയ പ്രവർത്തനങ്ങൾ, സമൂഹത്തിൽ നടത്തിയ മറ്റ് ഇടപെടലുകൾ, വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ, ക്ലബ്ബ് പ്രദേശത്ത് വനിതാ സംബന്ധമായ വിഷയങ്ങളിലും പൊതുവായ വിഷയങ്ങളിലും നടത്തിയ ഇടപെടലുകൾ തുടങ്ങിയവ വിലയിരുത്തും.

***മെമ്പർ സെക്രട്ടറി***

*******